Passed on 04-04-18

# 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

സംസ്ഥാനത്തെ ചില മെഡിക്കൽ കോളേജുകളിൽ 2016–17 അധ്യയന വർഷം നടത്തിയ വിദ്യാർത്ഥികളുടെ പ്രവേശനം ക്രമവൽക്കരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—സംസ്ഥാനത്തെ ചില മെഡിക്കൽ കോളേജുകളിൽ 2016–17 അധ്യയന വർഷം നടത്തിയ വിദ്യാർത്ഥികളുടെ പ്രവേശനം ക്രമവൽക്കരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2017 ഒക്ടോബർ 20–ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ.—2006-ലെ കേരള പ്രൊഫഷണൽ കോളേജുകളും അല്ലെങ്കിൽ സ്ഥാപനങ്ങളും (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും, പ്രവേശനം നിയന്ത്രിക്കലും, ചൂഷണരഹിത ഫീസ് നിശ്ചയിക്കലും, പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പുവരുത്തുന്നതിനുള്ള മറ്റു നടപടികളും) ആക്റ്റിലോ (2006-ലെ 19) അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെയോ പ്രസ്തുത ആക്റ്റിന്റെ 4-ാം വകുപ്പിൻ കീഴിൽ രൂപീകരിച്ച പ്രവേശന മേൽനോട്ട സമിതിയുടെയോ അല്ലെങ്കിൽ മറ്റേതെങ്കിലും അധികാരസ്ഥാനത്തിന്റെയോ ഏതെങ്കിലും വിധിന്യായത്തിലോ, ഡിക്രിയിലോ, ഉത്തരവിലോ, ഏതെങ്കിലും നടപടികളിലോ അല്ലെങ്കിൽ തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻ കീഴിൽ

ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ഉടമ്പടിയിലോ, കരണത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, 2016-17 അധ്യയനവർഷത്തിൽ സംസ്ഥാനത്തെ ഏതൊരു മെഡിക്കൽ കോളേജിലും മെഡിക്കൽ വിജ്ഞാനശാഖയിൽ പ്രവേശനത്തിന് യോഗ്യതയുണ്ടായിരിക്കുകയും, അവരുടെ പ്രവേശനം, പ്രവേശന മേൽനോട്ട സമിതി മുമ്പാകെ അപേക്ഷ സമർപ്പിച്ച രീതിയാലും രേഖകൾ ഹാജരാക്കാതിരുന്നതിനാലും പ്രവേശന മേൽനോട്ട സമിതി റദ്ദാക്കുകയും അതിന്റെ തീരുമാനം ഏതെങ്കിലും കോടതി, വിധിന്യായത്താലോ ഡിക്രിയാലോ ഉത്തരവിനാലോ ശരിവയ്ക്കുകയും ചെയ്തത് 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസ (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ആക്ടിന്റെ (2017-ലെ 15) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട പ്രവേശനവും ഫീസ് നിയന്ത്രണവും സമിതിക്ക് (ഇതിനുശേഷം പ്രവേശനവും ഫീസ് നിയന്ത്രണവും സമിതി എന്നാണ് പരാമർശിക്കപ്പെടുക) ഉചിതമെന്ന് കരുതാവുന്ന അങ്ങനെയുള്ള നിബന്ധന കൾക്കും വ്യവസ്ഥകൾക്കും വിധേയമായി അങ്ങനെ പ്രവേശനം നടത്തിയത് പ്രവേശനവും ഫീസ് നിയന്ത്രണവും സമിതി ക്രമവൽക്കരിക്കുന്നത് നിയമപരമായിരിക്കുന്നതാണ്:

എന്നാൽ, പ്രസ്തുത അധ്യയന വർഷം അങ്ങനെയുള്ള വിദ്യാർത്ഥി യഥാവിധി കോഴ്സിന് ഹാജരാകാത്തപക്ഷം അങ്ങനെയുള്ള പ്രവേശനം ക്രമവൽക്കരിക്കാൻ പാടില്ലാത്തതാകുന്നു.

3. <u>ക്രമവൽക്കരണത്തിനുള്ള നടപടിക്രമം</u>.—(1) സംസ്ഥാനത്തെ ഏതെങ്കിലും മെഡിക്കൽ കോളേജിലെ മെഡിക്കൽ വിജ്ഞാനശാഖയിൽ 2-ാം വകുപ്പിൽ വിനിർദ്ദേശിച്ച പ്രകാരം അപേക്ഷകർക്ക് പ്രവേശനം നൽകുകയും അവരുടെ പ്രവേശനം റദ്ദാക്കപ്പെടുകയും ചെയ്ത മെഡിക്കൽ കോളേജുകളുടെ മാനേജ്മെന്റുകൾക്ക് ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ പതിനഞ്ച് ദിവസങ്ങൾക്കകം അങ്ങനെയുള്ള പ്രവേശനം ക്രമവൽക്കരിക്കുന്നതിനായി അപേക്ഷിക്കാവുന്നതാണ്.

എന്നാൽ, 2016-17 അധ്യയന വർഷത്തിൽ ഏതെങ്കിലും മെഡിക്കൽ കോളേജിലെ മെഡിക്കൽ വിജ്ഞാനശാഖയിൽ പ്രവേശനം നടത്തിയതുമായി ബന്ധപ്പെട്ട് സ്ഥാപനങ്ങൾക്കോ വിദ്യാർത്ഥികൾക്കോ ക്ഷമതയുള്ള അധികാരസ്ഥാനം മുമ്പാകെ അപ്രകാരമുള്ള പ്രവേശനവുമായി ബന്ധപ്പെട്ട രേഖകൾ, ഈ ആക്ടിന്റെ പ്രാരംഭ തീയതി മുതൽ മൂന്ന് ആഴ്ചകൾക്കകം നൽകാൻ അർഹതയുണ്ടായിരിക്കുന്നതും അപ്രകാരം രേഖകൾ സമർപ്പിക്കപ്പെട്ടത്, പ്രവേശനങ്ങൾ ക്രമവൽക്കരിക്കുന്നതിന്റെ ആവശ്യത്തിലേയ്ക്കായി രേഖകൾ ഹാജരാക്കാൻ പ്രവേശന മേൽനോട്ട സമിതി നൽകിയ നിർദ്ദേശം മതിയായ രീതിയിൽ പാലിക്കപ്പെട്ടതായി കരുതപ്പെടുന്നതുമാണ്.

(2) ഈ ആക്റ്റിൻ കീഴിൽ പ്രവേശനം ക്രമവൽക്കരിക്കുന്നതിനുള്ള ഓരോ അപേക്ഷയും ബന്ധപ്പെട്ട സർവ്വകലാശാലയ്ക്ക് സമർപ്പിക്കേണ്ടതും സർവ്വകലാശാല, അങ്ങനെയുള്ള അപേക്ഷ താഴെ പറയുന്ന കാര്യങ്ങളിലുള്ള അതിന്റെ അഭിപ്രായം ഉൾക്കൊള്ളുന്ന റിപ്പോർട്ട് സഹിതം പ്രവേശനവും ഫീസ് നിയന്ത്രണവും സമിതിക്ക് കൊടുക്കേണ്ടതുമാണ്, അതായത്:—

(i) പ്രവേശനം ലഭിച്ച വിദ്യാർത്ഥിക്ക് 2016–17 അധ്യയന വർഷം പ്രാബല്യത്തിലുണ്ടായിരുന്നതും ബാധകമായിരുന്നതുമായ നിയമങ്ങളും ഉത്തരവുകളും പ്രകാരം മെഡിക്കൽ വിജ്ഞാനശാഖയിൽ പ്രവേശനം നേടുന്നതിനായി നാഷണൽ എലിജിബിലിറ്റി കം എൻട്രൻസ് ടെസ്റ്റിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് പ്രകാരം യോഗ്യതയും അർഹതയും ഉണ്ടോ;

(ii) അപേക്ഷയിൽ പറഞ്ഞിരിക്കുന്ന വിദ്യാർത്ഥികൾ 2016–17 അധ്യയന വർഷം യഥാവിധി കോഴ്സിന് ഹാജരായിട്ടുണ്ടോ;

(iii) മറ്റു വിധത്തിൽ കോഴ്സ് തുടരുവാൻ വിദ്യാർത്ഥി അർഹനാണോ.

(3) ഈ ആക്റ്റിൻ കീഴിലുള്ള ഒരു അപേക്ഷ പരിഗണിക്കുന്നതിനുള്ള ക്ഷമതയുള്ള അധികാരസ്ഥാനം പ്രവേശനവും ഫീസ് നിയന്ത്രണവും സമിതി ആയിരിക്കേണ്ടതും അപ്രകാരമുള്ള ക്ഷമതയുള്ള അധികാരസ്ഥാനത്തിന്, അങ്ങനെയുള്ള അപേക്ഷ ശരിയായ വിധത്തിൽ തീർപ്പുകൽപ്പിക്കുന്നതിനായി ഏതൊരു ആളെയും വിളിച്ച വരുത്തുന്നതിനും ഏതൊരു രേഖയും ആവശ്യപ്പെടുന്നതിനും അധികാരമുണ്ടായിരിക്കുന്നതുമാണ്.

(4) ഈ വകുപ്പിൻ കീഴിൽ ക്രമവൽക്കരണത്തിനുള്ള ഒരു അപേക്ഷ ലഭിച്ചാൽ അതിന്മേൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും പ്രവേശനവും ഫീസ് നിയന്ത്രണവും സമിതി ഒരു റിപ്പോർട്ട് ആവശ്യപ്പെടേണ്ടതും, ആവശ്യമെങ്കിൽ അപേക്ഷകനെയും എതിർകക്ഷികളെയും ബന്ധപ്പെട്ട മറ്റേതെങ്കിലും ആളെയും കേട്ടതിനുശേഷം അപേക്ഷ പരിഗണിക്കേണ്ടതും, ഈ ആക്റ്റിൻ കീഴിൽ അടയ്ക്കേണ്ടതായ ക്രമവൽക്കരണ ഫീസ് ഒടുക്കുന്നതിനുള്ള ഉത്തരവ് ഉൾപ്പെടെ അതിന്മേൽ ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.

(5) പ്രവേശനവും ഫീസ് നിയന്ത്രണവും സമിതി, അപേക്ഷ അനുവദിക്കുന്ന സംഗതിയിൽ, ഇതു സംബന്ധിച്ച ഒരു നിർദ്ദേശം ബന്ധപ്പെട്ട സർവ്വകലാശാലയ്ക്ക്

നൽകേണ്ടതും ഏതെങ്കിലും സർവ്വകലാശാല ആക്റ്റിലോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും സ്റ്റാറ്റ്യൂട്ടിലോ ഓർഡിനൻസിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സർവ്വകലാശാലയിൽ അങ്ങനെയുള്ള വിദ്യാർത്ഥികളുടെ പേര് ചേർക്കുന്നതിനാവശ്യമായ ഉത്തരവുകൾ സർവ്വകലാശാല പുറപ്പെടുവിക്കേണ്ടതും അതിനുശേഷം അങ്ങനെയുള്ള വിദ്യാർത്ഥികളെ 2016-17 അധ്യയന വർഷം മുതൽ ആ വിജ്ഞാനശാഖയിൽ അവരുടെ കോഴ്സ് പൂർത്തിയാകുന്നതുവരെ ആ സർവ്വകലാശാലയ്ക്ക് കീഴിലെ മെഡിക്കൽ വിജ്ഞാനശാഖയിലെ റെഗുലർ വിദ്യാർത്ഥികളായി പരിഗണിക്കേണ്ടതുമാണ്.

(6) പ്രവേശനവും ഫീസ് നിയന്ത്രണവും സമിതിക്ക്, ഈ ആക്റ്റിൻ കീഴിലെ ചുമതലകൾ നിർവ്വഹിക്കുന്നതിനായി 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ആക്റ്റിന്റെ (2017-ലെ 15) 8-ാം വകുപ്പിൻ കീഴിൽ നൽകിയിട്ടുള്ള അധികാരങ്ങൾക്ക് പുറമെ, അതിന്റെ സ്വന്തം ഉത്തരവുകളും 2006-ലെ കേരള പ്രൊഫഷണൽ കോളേജുകളും അല്ലെങ്കിൽ സ്ഥാപനങ്ങളും (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും, പ്രവേശനം നിയന്ത്രിക്കലും, ചൂഷണരഹിത ഫീസ് നിശ്ചയിക്കലും, പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പുവരുത്തുന്നതിനുള്ള മറ്റുനടപടികളും) ആക്റ്റിന്റെ (2006-ലെ 19) 4-ാം വകുപ്പ് പ്രകാരം രൂപീകരിച്ച പ്രവേശന മേൽനോട്ട സമിതി പുറപ്പെടുവിച്ച ഉത്തരവുകളും പുനഃപരിശോധിക്കാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

<u>വിശദീകരണം</u>.—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി "സർവ്വകലാശാല ആക്റ്റ്" എന്നാൽ സംസ്ഥാന നിയമസഭ പാസ്സാക്കിയ, ഒരു സർവ്വകലാശാല സ്ഥാപിച്ചു കൊണ്ടുള്ള, ഒരു ആക്റ്റ് എന്നർത്ഥമാകുന്നു.

4. <u>ക്ഷമതയുള്ള അധികാരസ്ഥാനം പരിഗണിക്കേണ്ടതായ കാര്യങ്ങൾ</u>—ഈ ആക്റ്റ് പ്രകാരം ക്രമവൽക്കരണത്തിനായി ലഭിച്ച ഒരു അപേക്ഷ പരിഗണിക്കുമ്പോൾ, ക്ഷമതയുള്ള അധികാരസ്ഥാനം,—

(i) പ്രവേശനം ലഭിച്ച വിദ്യാർത്ഥിക്ക് 2016-17 അധ്യയന വർഷം പ്രാബല്യത്തിലുണ്ടായിരുന്നതും ബാധകമായിരുന്നതുമായ നിയമങ്ങളും ഉത്തരവുകളും പ്രകാരം മെഡിക്കൽ വിജ്ഞാനശാഖയിൽ പ്രവേശനം നേടുന്നതിനായി, നാഷണൽ

എലിജിബിലിറ്റി കം എൻട്രൻസ് ടെസ്റ്റിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് പ്രകാരം യോഗ്യതയും അർഹതയും ഉണ്ടോ എന്നത് പരിഗണിക്കേണ്ടതാണ്;

(ii) തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിന് വിരുദ്ധമായി ഒരു വിദ്യാർത്ഥിയും കോളേജിൽ തുടരുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതാണ്;

(iii) വിദ്യാർത്ഥികൾ അപേക്ഷ സമർപ്പിച്ച രീതി പരിഗണിക്കുവാൻ പാടില്ലാത്തതാണ്;

(iv) മാനേജ്മെന്റ് യാതൊരു ക്യാപ്പിറ്റേഷൻ ഫീസും വസൂലാക്കിയിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്;

(v) മാനേജ്മെന്റ് കൊള്ളലാഭമൊന്നും ഉണ്ടാക്കിയിട്ടില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

5. <u>ക്രമവൽക്കരണ ഫീസ് അടയ്ക്കൽ</u>.—(1) ഈ ആക്റ്റിൻ കീഴിൽ പ്രവേശനം ക്രമവൽക്കരിക്കുന്നതിനായുള്ള ഒരു അപേക്ഷ, പ്രവേശനവും ഫീസ് നിയന്ത്രണവും സമിതി അനുവദിക്കുന്നപക്ഷം, അങ്ങനെയുള്ള മെഡിക്കൽ കോളേജിന്റെ മാനേജ്മെന്റ് അങ്ങനെയുള്ള ക്രമവൽക്കരണത്തിനായി ഒരു വിദ്യാർത്ഥിക്ക് മൂന്ന് ലക്ഷം രൂപ വീതം ക്രമവൽക്കരണ ഫീസായി സർക്കാരിൽ ഒടുക്കുവാൻ ബാധ്യസ്ഥമായിരിക്കുന്നതാണ്. അങ്ങനെയുള്ള ഫീസ് മാനേജ്മെന്റ് യാതൊരു രീതിയിലും യാതൊരു കാരണത്താലും വിദ്യാർത്ഥികളിൽനിന്നും ഈടാക്കുവാൻ പാടില്ലാത്തതാകുന്നു.

(2) (1)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്ത പ്രകാരം സർക്കാരിലേക്ക് നൽകേണ്ടതായ ഫീസ് ചുമത്തുവാൻ 3-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരമുള്ള ക്ഷമതയുള്ള അധികാരസ്ഥാനത്തിന് അധികാരമുണ്ടായിരിക്കുന്നതും 3-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിക്കുന്ന ഉത്തരവിൽ അത് വ്യക്തമാക്കേണ്ടതുമാണ്.

6. <u>റദ്ദാക്കലും ഒഴിവാക്കലും</u>.—(1) 2018-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ഓർഡിനൻസ് (2018-ലെ 1) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ, എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.